പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2344 — 18/02/2016 ൽ മറുപടിക്ക്

## തെക്കേക്കര കുറത്തിക്കാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം

| | ചോദ്യം<br>ശ്രീ.ആർ. രാജേഷ് | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | മാവേലിക്കര മണ്ഡലത്തിൽ തെക്കേക്കര കുറത്തിക്കാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ | (എ) | തെക്കേക്കര കുറത്തിക്കാവ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ 2004 ഡിസംബർ 24-ന് തുടങ്ങിയ കിടത്തി ചികിത്സ ഇപ്പോഴും തുടരുന്നു. പുതിയ കെട്ടിടത്തിന്റെ പണി പൂർത്തിയാകാത്തതിനാൽ പഴയ കെട്ടിടത്തിലാണ് ഇപ്പോഴും കിടത്തി ചികിത്സ നടത്തുന്നത്. ഇവിടുത്തെ ശരാശരി ഒ.പി. 300 ഉം ഐ.പി. 15 ഉം ആണ്. |
| (ബി) | പ്രസ്തുത സി.എച്ച്.സി. യുടെ പ്രവർത്തനം പൂർണ്ണമായും സജ്ജമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) | സി.എച്ച്.സി.യുടെ പ്രവർത്തനം പൂർണ്ണമായും സജ്ജമാക്കുന്നതിന് സ്റ്റാഫ് പാറ്റേൺ ഉയർത്തുന്നതിനാവശ്യമായ ശുപാർശ ആരോഗ്യവകുപ്പ് ഡയറക്ടറിൽ നിന്നും ലഭിച്ചിട്ടില്ല. പുതിയ ഐ.പി. കെട്ടിടത്തിന്റെ നിർമ്മാണം പരമാവധി വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത സി.എച്ച്.സി. യിൽ ആവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (സി) | അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശുപാർശ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ